# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2101 12/02/2013 ൽ മറുപടിക്ക്

### ചലച്ചിത്ര മേള

ചോദ്യം
ശ്രീ.കെ.വി.വിജയദാസ്

ഉത്തരം
ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | ഇക്കഴിഞ്ഞ ചലച്ചിത്ര മേളയുടെ സംഘാടനത്തിൽ ഗുരുതരമായ പിഴവുകൾ വന്നതായിട്ടുള്ള പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | പിഴവുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നിലവാരമുള്ള ചിത്രങ്ങൾ മേളയിൽ കുറവായിരുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | (ബി) | നിലവാരമില്ലാത്ത ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിച്ചതായി പരാതിയൊന്നും ലഭിച്ചിട്ടില്ല. ശ്രീ. ഷാജി.എൻ. കരുൺ അദ്ധ്യക്ഷനായ ഉപദേശക സമിതിയായിരുന്നു 2012 ലെ ചിത്രങ്ങൾ തെരഞ്ഞെടുത്തത്. ഈ സമിതി നിർദ്ദേശിക്കുന്ന അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ ചലച്ചിത്രങ്ങളാണ് മേളയിൽ ഉൾപ്പെടുത്തിയിരുന്നത്. |
| (സി) | ഇതിലേക്കാവശ്യമായ ഫണ്ട് പൂർണ്ണമായും സംസ്ഥാന സർക്കാർ തന്നെയാണോ വഹിക്കുന്നത്; ഫണ്ടിന്റെ വിശദാംശം നൽകുമോ; | (സി) | സർക്കാർ ഫണ്ടും സ്പോൺസർമാരിലൂടെ അക്കാദമി കണ്ടെത്തുന്ന ഫണ്ടുമാണ് ചലച്ചിത്ര മേളയുടെ നടത്തിപ്പിനായി ചെലവഴിക്കുന്നത്. |
| (ഡി) | ഇതിനായി സർക്കാർ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ; | (ഡി) | സർക്കാർ മൂന്നുകോടി അഞ്ചുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ